| 08–10–2021 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ  ഇപ്പോൾ വിദേഹിയാകുന്നതിന് അഭ്യസിക്കൂ, തന്റെ ഈ വിനാശീ ദേഹത്തോടുള്ള സ്നേഹം വേർപെടുത്തി ഒരു ശിവബാബയെ സ്നേഹിക്കൂ**

**ചോദ്യം** : ഈ പരിധിയില്ലാത്ത പഴയ ലോകത്തോട് ആർക്കാണോ വൈരാഗ്യം വന്നിരിക്കുന്നത് അവരുടെ ലക്ഷണമെന്തായിരിക്കും?

**ഉത്തരം** : അവർ ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ  അത് കണ്ടിട്ടും കാണുകയില്ല. അവരുടെ ബുദ്ധിയിലുണ്ടാവും, ഇതെല്ലാം നശിക്കുന്നതാണ്, എല്ലാവരും മരിച്ചതു തന്നെയാണ്, നമുക്കാണെങ്കിൽ ശാന്തിധാമം, സുഖധാമത്തിലേയ്ക്ക് പോകണം എന്ന്. അവരുടെ മമത്വം ഇല്ലാതായിപ്പോകും. യോഗത്തിലിരുന്ന് ആരോട് സംസാരിക്കുകയാണെങ്കിലും അവർക്കും ആകർഷണമുണ്ടാകും. ജ്ഞാനത്തിന്റെ ലഹരി കയറിയിട്ടുണ്ടാകും.

**ഗീതം** : ഓം നമ ശിവായ.......

ഓം ശാന്തി. ബാബ പറയുകയാണ്  മധുരമായ കുട്ടികളെ, നിങ്ങൾ ശിവബാബയെ അറിഞ്ഞു കഴിഞ്ഞു. പിന്നെ ഈ ഗീതം പാടുന്നത് ഭക്തി മാർഗ്ഗത്തിലേതാവുന്നതു പോലെയാണ്. ഭക്തി മാർഗ്ഗത്തിലുള്ളവർ ശിവായ നമ: എന്നും പറയുന്നു, മാതാപിതാവെന്നും പറയുന്നു, പക്ഷെ അറിയുന്നില്ല. ശിവബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ ബാബയെ ലഭിച്ചു, ബാബയിൽ നിന്ന് സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുന്നു അതിനാൽ ബാബയെ ഓർമ്മിക്കുകയാണ്. നിങ്ങൾക്ക് ശിവബാബയെ ലഭിച്ചു, ലോകത്തിലുള്ളവർക്ക് ലഭിച്ചിട്ടില്ല. ആർക്കാണോ ലഭിച്ചത് അവർ പോലും നല്ല രീതിയിൽ നടക്കുന്നില്ല. ബാബയുടെ നിർദ്ദേശം വളരെ മധുരമാണ്, ആത്മാഭിമാനി ഭവ, ദേഹീ അഭിമാനി ഭവ. സംസാരിക്കുന്നതും ആത്മാക്കളോടാണ്. ദേഹീ അഭിമാനിയായ ബാബ, ദേഹീ അഭിമാനികളായ കുട്ടികളോട് സംസാരിക്കുകയാണ്. ബാബയാണെങ്കിൽ ഒന്ന് മാത്രമാണ്. ആ ബാബ മധുബനിൽ നിങ്ങൾ കുട്ടികളോടൊപ്പമിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്നിരിക്കുന്നത് തന്നെ പഠിപ്പിക്കാനാണെന്ന്. ഈ പഠിപ്പ് ശിവബാബയ്ക്കല്ലാതെ വേറെയാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ബ്രഹ്മാവിനും പറ്റില്ല, വിഷ്ണുവിനും പറ്റില്ല. ബാബ തന്നെയാണ് വന്ന് പതിതരെ പാവനമാക്കി മാറ്റുന്നത്, അമരകഥ കേൾപ്പിക്കുന്നത്. അതും ഇവിടെ തന്നെയല്ലേ കേൾപ്പിക്കുക. അമർനാഥിലൊന്നും കേൾപ്പിക്കില്ലല്ലോ. ഇതേ അമരകഥയാണ് സത്യനാരായണന്റെ കഥ. ബാബ പറയുകയാണ്  ഞാൻ നിങ്ങളെ ഇവിടെ തന്നെയാണ് കേൾപ്പിക്കുന്നത്. ബാക്കി അതെല്ലാം ഭക്തിമാർഗ്ഗത്തിലെ അലച്ചിലുകളാണ്. സർവ്വരുടെയും സദ്ഗതി ദാതാവായ രാമൻ ഒരു നിരാകാരൻ  മാത്രമാണ്. അതു തന്നെയാണ് പതിത പാവനൻ, ജ്ഞാനത്തിന്റെ സാഗരൻ, ശാന്തിയുടെ സാഗരൻ. ബാബ വരുന്നതേ വിനാശത്തിന്റെ സമയമാകുമ്പോഴാണ്. മുഴുവൻ ലോകത്തിന്റെയും ഗുരു ആകാൻ ഒരു പരംപിതാ പരമാത്മാവിന് മാത്രമേ  സാധിക്കൂ. ബാബ നിരാകാരനാണല്ലോ. ദേവതകളെയും മനുഷ്യരെന്ന് പറയുന്നു. പക്ഷെ അവർ ദൈവീക ഗുണമുള്ള മനുഷ്യരാണ് അതിനാൽ അവരെ ദേവതയെന്ന് പറയുന്നു. നിങ്ങൾക്കിപ്പോൾ ജ്ഞാനം ലഭിച്ചിരിക്കുകയാണ്. ജ്ഞാനമാർഗ്ഗത്തിൽ വളരെ ശക്തിശാലി അവസ്ഥയായിരിക്കണം. എത്ര സാധിക്കുമോ ബാബയെ ഓർമ്മിക്കണം. വിദേഹിയാവണം. പിന്നെ ദേഹത്തോടെന്തിന് സ്നേഹം വെയ്ക്കണം. ബാബ നിങ്ങളോട് പറയുകയാണ് ശിവബാബയെ ഓർമ്മിച്ചിട്ട്  ഇദ്ദേഹത്തിന്റെയടുത്ത് വരൂ. മനുഷ്യർ മനസ്സിലാക്കുന്നത് ഈ ദാദയെ കാണാനാണ് പോകുന്നതെന്നാണ്. ഇതാണെങ്കിൽ നിങ്ങൾക്കറിയാം ശിവബാബയെ ഓർമ്മിച്ച് നമ്മൾ ബാബയുമായി കൂടിക്കാഴ്ച നടത്തുന്നു.   അവിടെയാണെങ്കിൽ നിരാകാരീ ആത്മാക്കളാണ്, ബിന്ദുവാണ്. ബിന്ദുവുമായി കൂടികാഴ്ച നടത്താൻ പറ്റില്ല. അപ്പോൾ ശിവബാബയെ എങ്ങനെ കാണും അതുകൊണ്ട് ഇവിടെ മനസ്സിലാക്കിത്തരികയാണ്, അല്ലയോ ആത്മാക്കളെ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബുദ്ധിയിൽ വെയ്ക്കൂ  നമ്മൾ ശിവബാബയുമായി കാണുകയാണ്. ഇതാണെങ്കിൽ വളരെ ആഴമാർന്ന രഹസ്യമാണല്ലോ. പലർക്കും ശിവബാബയുടെ ഓർമ്മ നില നിൽക്കുന്നില്ല. ബാബ മനസ്സിലാക്കി തരുകയാണ് സദാ ശിവബാബയെ ഓർമ്മിക്കൂ. ശിവബാബ നിങ്ങളെ കാണാൻ വന്നിരിക്കുകയാണ്. അങ്ങയുടെതായി മാറി അത്രമാത്രം. ശിവബാബ ഇദ്ദേഹത്തിൽ വന്ന് ജ്ഞാനം കേൾപ്പിക്കുകയാണ്. അദ്ദേഹവും നിരാകാരനായ ആത്മാവാണ്, നിങ്ങളും ആത്മാവാണ്. ഒരച്ഛൻ മാത്രമാണ് കുട്ടികളോട് പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ എന്ന് . അതും ബുദ്ധി കൊണ്ട് ഓർമ്മിക്കണം. നമ്മൾ ബാബയുടെയടുത്ത് വന്നിരിക്കുകയാണ്. ബാബ ഈ പതിത ശരീരത്തിൽ വന്നിരിക്കുകയാണ്. നമ്മൾ ബാബയുടെ അടുത്ത് വരുന്നതോടെ തന്നെ നിശ്ചയം ചെയ്യുന്നു, ശിവബാബാ ഞങ്ങൾ അങ്ങയുടേതായി

മാറിയിരിക്കുകയാണ്. മുരളികളിലും ഇത് തന്നെയാണ് കേൾക്കുന്നത് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും.

നിങ്ങൾക്കറിയാം ഇത് അതേ പതിത പാവനനായ ബാബയാണ്. സത്യം സത്യമായ സദ്ഗുരുവാണത്. ഇപ്പോൾ നിങ്ങൾ പാണ്ഡവർക്ക് പരംപിതാ പരമാത്മാവുമായി പ്രീത ബുദ്ധിയാണ്. ബാക്കി എല്ലാവർക്കും ആരോടെങ്കിലും വിപരീത ബുദ്ധിയാണ്. ആരാണോ ശിവബാബയുടെതായി മാറുന്നത് അവർക്കാണെങ്കിൽ സന്തോഷത്തിന് വളരെ അതിരില്ലാതാകേണ്ടതാണ്. സമയം എത്രയും സമീപത്ത് വരുന്നോ, അത്രയും സന്തോഷമുണ്ടാകുന്നു. ഇപ്പോൾ നമ്മുടെ 84 ജന്മങ്ങൾ പൂർത്തിയായി. ഇപ്പോൾ ഇത് അവസാന ജന്മമാണ്. നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോകുന്നു. ഈ ഏണിപ്പടിയാണെങ്കിൽ വളരെ നല്ലതാണ്, ഇതിൽ വ്യക്തമാണ്. അതിനാൽ കുട്ടികൾക്ക് മുഴുവൻ ദിവസവും ബുദ്ധി പ്രവർത്തിക്കണം. ചിത്രമുണ്ടാക്കുന്നവർക്ക് വളരെയധികം വിചാര സാഗര മഥനം ചെയ്യണം, ആരാണോ തലപ്പത്ത് അവർക്ക് ചിന്ത നടക്കണം. നിങ്ങൾ വെല്ലുവിളി നടത്തുന്നു സത്യയുഗീ ശ്രേഷ്ഠാചാരീ ദൈവീക രാജ്യത്തിൽ 9 ലക്ഷമായിരിക്കും. ചിലർ ചോദിക്കും ഇതിന് എന്താണ് തെളിവ്? പറയൂ ഇത് വിവേകത്തിന്റെ കാര്യമല്ലേ. സത്യയുഗത്തിൽ വൃക്ഷം ചെറുതായിരിക്കും. ധർമ്മവും ഒന്ന് മാത്രമാണ് അതിനാൽ തീർച്ചയായും കുറച്ച് മനുഷ്യരെ ഉണ്ടാവൂ. ഏണിപ്പടിയിൽ മുഴുവൻ ജ്ഞാനവും വരുന്നുണ്ട്. ഈ കുംഭകർണ്ണന്റെ ചിത്രവും നോക്കൂ. അതിനാൽ ഇങ്ങനെ ഉണ്ടാക്കണം ബി.കെ. ജ്ഞാനാമൃതം കുടിപ്പിക്കുന്നു, അവർ വിഷം(വികാരം) ആവശ്യപ്പെടുന്നു. ബാബ മുരളിയിൽ എല്ലാ നിർദ്ദേശങ്ങളും നൽകി കൊണ്ടിരിക്കുന്നു. ഓരോ ചിത്രത്തിന്റെയും അറിവ് വളരെ നല്ലതാണ്. ലക്ഷ്മീ നാരായണന്റെ ചിത്രം വെച്ച് പറയൂ ഈ ഭാരതം സ്വർഗ്ഗമായിരുന്നു, ഒരു ധർമ്മമായിരുന്നു എങ്കിൽ എത്ര മനുഷ്യരുണ്ടാവും. ഇപ്പോൾ എത്ര വലിയ വൃക്ഷമായിരിക്കുന്നു. ഇപ്പോൾ വിനാശമുണ്ടാവണം. പഴയ സൃഷ്ടിയെ മാറ്റുന്നത് ഒരേയൊരു ബാബയാണ്. 45 ചിത്രമാണ് മുഖ്യമായത് അതിലൂടെ പലർക്കും പെട്ടെന്ന് മനസ്സിലാകും. ഡ്രാമയനുസരിച്ച് ദിവസം കഴിയുന്തോറും ജ്ഞാനത്തിന്റെ പോയിന്റുകൾ ഗഹനമായി കൊണ്ടിരിക്കുന്നു. അതിനാൽ ചിത്രങ്ങളിലും വ്യത്യാസമുണ്ടാകും. കുട്ടികളുടെ ബുദ്ധിയിലും വ്യത്യാസമുണ്ടാകുന്നു. മുമ്പ് ഇത് മനസ്സിലാക്കിയിരുന്നില്ല ശിവബാബ ബിന്ദുവാണെന്ന്. ഇങ്ങനെ പറയില്ല ആദ്യം എന്തുകൊണ്ട് ഇങ്ങനെ പറഞ്ഞു തന്നില്ല. ബാബ പറയുന്നു എല്ലാ കാര്യങ്ങളും ആദ്യം തന്നെ മനസ്സിലാക്കാൻ കഴിയില്ല. ബാബ ജ്ഞാനത്തിന്റെ സാഗരനാണ് അതിനാൽ ജ്ഞാനം നൽകികൊണ്ടേയിരിക്കും. തിരുത്തൽ ഉണ്ടായികൊണ്ടിരിക്കും. ആദ്യം തന്നെ പറയുകയില്ല. അത് പിന്നീട് കൃത്രിമമായി മാറും. പെട്ടെന്ന് എന്തെങ്കിലും അപ്രതീക്ഷിതമായി സംഭവിച്ചാൽ പറയണം ഡ്രാമ. ഇങ്ങനെ സംഭവിക്കരുതായിരുന്നു എന്നല്ല. മമ്മയാണെങ്കിൽ അവസാനം വരെ ഇരിക്കണമായിരുന്നു, പിന്നെ മമ്മ എന്തുകൊണ്ട് പോയി. ഡ്രാമയിൽ എന്താണോ സംഭവിച്ചത് അതാണ് ശരി. ബാബയും എന്താണോ പറഞ്ഞിട്ടുള്ളത് അത് ഡ്രാമയനുസരിച്ചാണ് പറഞ്ഞിട്ടുള്ളത്. ഡ്രാമയിൽ എന്റെ പാർട്ട് അങ്ങനെയാണ്. ബാബയും ഡ്രാമയുടെ മേൽ വെയ്ക്കുകയാണ്. മനുഷ്യർ പറയുന്നു ഈശ്വരന്റെ വിധി. ഈശ്വരൻ പറയുന്നു ഡ്രാമയുടെ വിധി. ഈശ്വരൻ പറഞ്ഞതായാലും ഇദ്ദേഹം പറഞ്ഞതായാലും ഡ്രാമയിലുണ്ടായിരുന്നു. ഏതെങ്കിലും വിപരീതമായ കാര്യം നടന്നാൽ ഡ്രാമയിലുണ്ടായിരുന്നു, പിന്നീട് നേരെയാകും. കയറുന്ന കലയാണ് എന്നത് തീർച്ചയാണ് . കയറി പോകുമ്പോൾ ഇടയ്ക്ക് ഇളകിപ്പോകുന്നു. ഇതെല്ലാം മായയുടെ കൊടുങ്കാറ്റാണ്. ഏതുവരെ മായയുണ്ടോ തീർച്ചയായും വികല്പം വരും. സത്യയുഗത്തിൽ മായയേ ഇല്ലാത്തതിനാൽ വികല്പത്തിന്റെ കാര്യവുമില്ല. സത്യയുഗത്തിൽ ഒരിക്കലും കർമ്മം വികർമ്മമാവുകയില്ല. ബാക്കി കുറച്ച് ദിവസമേയുള്ളൂ, സന്തോഷമുണ്ടാകുന്നു, ഇത് നമ്മുടെ അവസാന ജന്മമാണ് എന്നതിനാൽ. ഇപ്പോൾ അമര ലോകത്തിലേയ്ക്ക് പോകുന്നതിന് ശിവബാബയിൽ നിന്ന് അമരകഥ കേൾക്കുകയാണ്. ഈ കാര്യങ്ങൾ നിങ്ങളേ മനസ്സിലാക്കുന്നുള്ളൂ. ആ ആൾക്കാർ അമർനാഥിലും മറ്റും പോയി ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇത് മനസ്സിലാക്കുന്നില്ല പാർവ്വതിക്ക് അമരകഥ കേൾപ്പിച്ചതാരാണ്? അവിടെയാണെങ്കിൽ ശിവന്റെ ചിത്രം കാണിച്ചിരിക്കുന്നു. ശരി ശിവൻ ആരിൽ ഇരുന്നു? ശിവനെയും ശങ്കരനെയും കാണിച്ചിരിക്കുന്നു. ശിവൻ ശങ്കരിനിലിരുന്ന് കഥ കേൾപ്പിച്ചോ? ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, ഭക്തി മാർഗ്ഗത്തിലുള്ളവർ ഇതുവരെയും തീർത്ഥ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. കഥയും വാസ്തവത്തിൽ വലുതല്ല. യഥാർത്ഥത്തിൽ മന്മനാഭവയാണ്. ബീജത്തെ ഓർമ്മിക്കൂ അത്രമാത്രം. ഡ്രാമയുടെ ചക്രത്തെ ഓർമ്മിക്കൂ. ഏത് ജ്ഞാനമാണോ ബാബയുടെ അടുത്തുള്ളത് ആ ജ്ഞാനം നമ്മുടെ ആത്മാവിലുമുണ്ട്. ബാബയും ജ്ഞാനത്തിന്റെ സാഗരൻ, നമ്മൾ ആത്മാവും മാസ്റ്റർ ജ്ഞാന സാഗരനാകുന്നു. ലഹരി കയറണമല്ലോ. ബാബ നമ്മൾ സഹോദരന്മാർക്ക് (ആത്മാക്കൾക്ക്) കേൾപ്പിക്കുന്നു. കേൾപ്പിക്കുന്നത് ശരീരത്തിലൂടെ തന്നെയാണ്. ഇതിൽ സംശയം വരരുത്. ബാബയെ ഓർമ്മിച്ചോർമ്മിച്ച് മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ വന്നു ചേരുന്നു. ബാബയുടെ ഓർമ്മയിലൂടെ മാത്രമേ വികർമ്മം

വിനാശമാകൂ, മമത്വം ഇല്ലാതാകും. ചിലർക്ക് പേരിന് മാത്രം സ്നേഹമുണ്ടാകുന്നു. നമ്മളും അങ്ങനെയാണ്. ഇപ്പോൾ നമ്മൾ സുഖധാമത്തിലേയ്ക്ക് പോവുകയാണ്. എല്ലാവരും മരിച്ചതിന് സമാനമാണ്, ഇവരോട് എന്തിന് മനസ്സ് വെയ്ക്കണം. ശാന്തിധാമത്തിൽ പോയി പിന്നെ സുഖധാമത്തിൽ വന്ന് രാജ്യം ഭരിക്കും. ഇതിനെയാണ് പറയുന്നത് പഴയ ലോകത്തോടുള്ള വൈരാഗ്യം. ബാബ പറയുന്നു ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം നശിക്കാനുള്ളതാണ്. വിനാശത്തിന് ശേഷം സ്വർഗ്ഗത്തെ കാണും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെ മധുരമായി മാറണം. യോഗത്തിലിരുന്ന് എന്തു പറയുകയാണെങ്കിലും അവർക്ക് വളരെയധികം ആകർഷണമുണ്ടാകും. ഈ ജ്ഞാനം ബാക്കിയെല്ലാം മറപ്പിക്കുന്നതാണ്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം:

1. ജ്ഞാന മാർഗ്ഗത്തിൽ തന്റെ അവസ്ഥ വളരെ ശക്തിശാലിയാക്കി മാറ്റണം. വിദേഹിയായി മാറണം. ഒരു ബാബയോട് തന്നെ സത്യം സത്യമായ പ്രീതി വെയ്ക്കണം.

2. ഡ്രാമയുടെ വിധിയിൽ ഇളകാതെയിരിക്കണം. ഡ്രാമയിൽ എന്താണോ സംഭവിച്ചത് അത് ശരിയാണ്. ഒരിക്കലും ഉലച്ചിലുണ്ടാകരുത്, ഒരു കാര്യത്തിലും സംശയം വരരുത്.

### വരദാനം: ദാതാവായി ഓരോ സെക്കന്റിലും , ഓരോ സങ്കൽപത്തിലും ദാനം നൽകുന്ന ഉദാരചിത്തരും മഹാദാനിയുമായി ഭവിക്കട്ടെ

താങ്കൾ ദാതാവിന്റെ കുട്ടികൾ എടുക്കുന്നവരല്ല എന്നാൽ കൊടുക്കുന്നവരാണ്. ഓരോ സെക്കന്റ്, ഓരോ സങ്കൽപത്തിലും നൽകണം , ഇങ്ങനെ ദാതാവാകുമ്പോൾ പറയാം ഉദാരചിത്തർ, മഹാദാനി. ഇങ്ങനെ മഹാദാനിയാകുന്നതിലൂടെ മഹാശക്തിയുടെ പ്രാപ്തി സ്വതവേ ഉണ്ടാകുന്നു. എന്നാൽ നൽകുന്നതിനായി സ്വന്തം ഭണ്ഡാരം നിറഞ്ഞതായിരിക്കണം. എന്ത് എടുക്കണമോ അതെല്ലാം എടുത്തു, ബാക്കിയുള്ളത് കൊടുക്കുക. അപ്പോൾ നൽകിക്കൊണ്ടേ പോകൂ നൽകുന്നതിലൂടെ പിന്നെയും ഭണ്ഡാരം നിറഞ്ഞു കൊണ്ടിരിക്കും.

### സ്ലോഗൻ:- ഓരോ വിഷയത്തിലും മുഴുവൻ മാർക്ക് ശേഖരിക്കണമെങ്കിൽ ഗംഭീരതയുടെ ഗുണം ധരിക്കൂ.